കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാറളം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-TSR-(P11)977/2022.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 02/07/2022
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാറളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-TSR-(P11)977/2022. തീയ്യതി: 02/07/2022

തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-01-2021 മുതൽ 31-12-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2020 മുതൽ 31-03-2021 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 0 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ എൻ സതീശൻ	ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)	18-06-2022	22-06-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-06-2022	22-06-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി. സീനത്ത് പി എ ,ഓഡിറ്റ് ഓഫീസർ

ശ്രീമതി. വിദ്യാ വിക്രമൻ, അസി.ഓഡിറ്റ് ഓഫീസർ

ശ്രീ. ഹാരീഷ് വിഎ,അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി .സുനിത ആർ,സീ.ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.സതീപ് ജോസഫ്	പ്രസിഡന്റ്	01-04-2020	11-11-2020
നിർവ്വാഹക സമിതി	പ്രസിഡന്റ്	12-11-2020	18-01-2021
ശ്രീമതി.മിനിവിനയൻ	പ്രസിഡന്റ്	19-01-2021	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ജോയ് പി.ഡി	സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി.ധന്യ ഇ	അസ്സി.എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീ.അഭിജിത്ത് കുമാർ	കൃഷി ഓഫീസർ	01-04-2020	31-03-2021
ഡോ.സന്തോഷ് കുമാർ	മെഡിക്കൽ ഓഫീസർ,എഫ്.എച്ച്.സി	01-04-2020	31-03-2021
ഡോ.സ്വപ്നസോണി	മെഡിക്കൽഓഫീസർ	01-04-2020	31-03-2021
ഡോ.ഡോസൻ കെ	വെറ്ററനറി സർജൻ	01-04-2020	31-03-2021
ശ്രീ.ഷിബു ഇ എം	അസ്സി.സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി.റ്റിറ്റ	ഹെഡ്മിസ്ട്രസ്സ്	01-04-2020	31-03-2021
ശ്രീമതി .നിത കെ.എം	ഐ.സി.ഡി.എസ് സുപ്പർവൈസർ	01-04-2020	16-11-2020
ശ്രീമതി .റോസ് മോൾ	ഐ.സി.ഡി.എസ്സ് സൂപ്പർവൈസർ	17-11-2020	31-03-2021
ശ്രീ.അനൂപ് സി.ഏം	വി.ഇ.ഒ (കോടന്നൂർ)	01-04-2020	31-03-2021
ശ്രീമതി.ജ്യോതി	വി.ഇ.ഒ(അമ്മാടം)	01-04-2020	31-03-2021
ശ്രീമതി.മീനു റസ്സൽ	ഡയറി ഏക്സ്റ്റൻഷൻ ഓഫീസർ	01-04-2020	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-1
2	വാർഷിക ധനകാര്യപത്രിക Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-2
3	സാമ്പത്തിക വിശകലനം Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 23-06-2022)	1-3
4	ഫണ്ട് വിനിയോഗം Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-4
5	പദ്ധതി അവലോകനം Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 23-06-2022)	1-5
6	ക്ഷേമപെൻഷനുകൾ Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-6
7	തൊഴിലുറപ്പ് പദ്ധതി Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-7
8	ക്യാഷ് പരിശോധന Written By: Sunitha.R (Senior Grade Auditor, On 23-06-2022) Last Updated By: Vidya Vikraman (Asst. Audit Officer, On 24-06-2022)	1-8
9	ആഭ്യന്തര നിയന്ത്രണം Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-9
10	വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല Written By: Vidya Vikraman (Asst. Audit Officer, On 19-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-10
11	വസ്തു നികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 19-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-11
12	വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 19-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-12
13	വസ്തു നികുതി- റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-13
14	വസ്തു നികുതി- നോൺ റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-14
15	ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും	1-15

	പൊരുത്തപ്പെടുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	
16	വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-16
17	യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022)	1-17
18	അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് എൻട്രി നടത്തുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-18
19	Prior Period Items- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-19
20	ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൌച്ചർ സൂക്ഷിക്കുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-20
21	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-21
22	കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നില്ല Written By: Vidya Vikraman (Asst. Audit Officer, On 21-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-22
23	ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി Written By: Vidya Vikraman (Asst. Audit Officer, On 21-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-23
24	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല Written By: Vidya Vikraman (Asst. Audit Officer, On 20-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-24
25	Capital Contribution-കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല Written By: Vidya Vikraman (Asst. Audit Officer, On 21-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-25
26	വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നതിന് മുൻപ് ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നു Written By: Vidya Vikraman (Asst. Audit Officer, On 21-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-26
27	രസീതു പരിപാലനം- അപാകതകൾ Written By: Sunitha.R (Senior Grade Auditor, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-27
28	സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല Written By: Sunitha.R (Senior Grade Auditor, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-28
29	തൊഴിൽ നികുതി ഈടാക്കിയില്ല Written By: Sunitha.R (Senior Grade Auditor, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-29
30	വ്യാപാര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗണം മാറി നികുതി നിശ്ചയിച്ചിരിക്കുന്നു Written By: Sunitha.R (Senior Grade Auditor, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-30

31	കെട്ടിട നിർമാണ ചട്ടങ്ങൾ പാലിച്ചില്ല Written By: Sunitha.R (Senior Grade Auditor, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-31
32	വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു-വരുമാന നഷ്ടം Written By: Sunitha.R (Senior Grade Auditor, On 22-06-2022) Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022)	1-32
33	പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു Written By: Sunitha.R (Senior Grade Auditor, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-33
34	പത്രപരസ്യ ചാർജ് നല്കിയത്- സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല Written By: Harish V.A. (Asst. Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-34
35	ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നു Written By: Sunitha.R (Senior Grade Auditor, On 23-06-2022) Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022)	1-35
36	തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ- വിതരണം ചെയ്തപ്പോൾ തന്നെ കേടായവ മാറ്റി വാങ്ങുകയോ നഷ്ടത്തുക ഈടാക്കുകയോ ചെയ്തിട്ടില്ല Written By: Harish V.A. (Asst. Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-36
37	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് Written By: Harish V.A. (Asst. Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-37
38	നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയത്- പ്രവൃത്തി പൂർത്തീകരണം/ ധനവിനിയോഗം സംബന്ധിച്ചുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് Written By: Harish V.A. (Asst. Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-38
39	നെൽകൃഷിയ്ക്ക് സബ്സിഡി നല്കൽ- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല Written By: Harish V.A. (Asst. Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-39
40	അംഗനവാടി പോഷകാഹാര വിതരണം -പദ്ധതി നടത്തിപ്പിലെ അപാകത Written By: Vidya Vikraman (Asst. Audit Officer, On 22-06-2022) Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022)	1-40
41	തെരുവ് വിളക്ക് വൈദ്യുതി ബിൽ അടവാക്കൽ മീറ്ററിങ്ങ് സമ്പ്രദായത്തിലേക്ക് മാറിയിട്ടില്ല Written By: Vidya Vikraman (Asst. Audit Officer, On 22-06-2022) Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022)	1-41
42	വിവിധ പ്രൊജക്ടുകളുടെ ഭാഗമായി പഞ്ചായത്ത് വിഹിതം നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് Written By: Harish V.A. (Asst. Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-42
43	മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി.നടപ്പിലാക്കിയ വിവിധ പദ്ധതികൾ -മരുന്നുകൾ മുഴുവനായും ലഭ്യമായില്ല Written By: Sunitha.R (Senior Grade Auditor, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-43
44	തുല്യതാ പരീക്ഷ -പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല Written By: P.A.Seenath (Audit Officer, On 24-06-2022) Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022)	1-44

45	നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് Written By: P.A.Seenath (Audit Officer, On 24-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	1-45
46	എൻ.ആർ.ഇ.ജി.എസ് -ക്വാറിമക്ക് അധിക നിരക്ക് നല്കി Written By: P.A.Seenath (Audit Officer, On 24-06-2022) Last Updated By: P.A.Seenath (Audit Officer, On 04-07-2022)	1-46
47	മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല Written By: P.A.Seenath (Audit Officer, On 24-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-47
48	എരുമക്കുഴി റോഡ് നിർമ്മാണം-പിഴ ഈടാക്കിയിട്ടില്ല Written By: P.A.Seenath (Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-48
49	നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല - എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു Written By: P.A.Seenath (Audit Officer, On 23-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-49
50	ഹാഷ്മി നഗർ കോളനി കുടിവെള്ള പദ്ധതി-വൈകി പൂർത്തീകരിച്ചതിന് പിഴ കുറവ് ഈടാക്കി Written By: P.A.Seenath (Audit Officer, On 24-06-2022) Last Updated By: Sunil.P.B (Asst. Audit Officer, On 03-07-2022)	1-50
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
1	നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല - എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു Written By: P.A.Seenath (Audit Officer, On 30-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	1-49
ഭാഗം **4**		
1	സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 23-06-2022)	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 23-06-2022)	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	4-3
4	വായ്പ/വായ്പ തിരിച്ചടവ് Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 23-06-2022)	4-4
5	സ്ഥിര നിക്ഷേപങ്ങൾ Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	4-5
6	ഓഡിറ്റ് റിക്കവറി Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	4-7
8	ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 28-06-2022)	4-8

9	ഓഡിറ്റ് പ്രത്യവലോകനം Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ Written By: P.A.Seenath (Audit Officer, On 22-06-2022) Last Updated By: P.A.Seenath (Audit Officer, On 05-07-2022)	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

	ബജറ്റ് പ്രകാരമുള്ള സംഖ്യ	റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ള സംഖ്യ
വരവ്	19768000	180689902
ചെലവ്	147746472	179258683

ഗ്രാമപഞ്ചായത്തിന്റെ ബജറ്റ് 21-3-2020 ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. പുതുക്കിയ ബജറ്റ് 19.02.21 തീയതിയിലെ 1 ാം തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി
31-07-2021	21.05.2021

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	9983001.70
വരവ്	75313282.00
ആകെ	85296283.70
ചെലവ്	73535961.70
നീക്കിയിരിപ്പ്	11760322.70

1-4 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ (ACR പ്രകാരം)	0	12117149	12117149	11971522	145627
വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം)	0	10622370	10622370	9840578	781392
മെയിന്റനൻസ്, റോഡ് (ACR പ്രകാരം)	0	11567000	11567000	10632214	934786
മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം)	0	3590315	3590315	3581630	8685
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം)	0	14085855	14085855	8604161	5481694

1-5 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചവ (എണ്ണം)	അടങ്കൽ (തുക)	നടപ്പിലാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പിലാക്കിയത്	നടപ്പിലാക്കാത്തത്	പൂർത്തീകരിച്ചതിന്റെ ശതമാനം
226	82620396	150	57756789	63	13	69.9%

1-6 ക്ഷേമപെൻഷനുകൾ

പദ്ധതിയുടെ പേര്	ചെലവ് തുക	ഗുണഭോക്താക്കളുടെ എണ്ണം
തൊഴിൽരഹിതവേതനം	720	1
കർഷകതൊഴിലാളി പെൻഷൻ	9194600	6655
വിധവാ പെൻഷൻ	17188500	12617
വാർദ്ധക്യകാല പെൻഷൻ	25956000	19893
വികലാംഗ പെൻഷൻ	4203500	3036

50 വയസ്സിന് മേൽപ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	1749200	1286
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	300000	10

1-7 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	454100	659367	1113467	1108821	4646
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്(ഭരണ ചെലവ് ഉൾപ്പെടെ)	0	27277754	27277754	27277754	0

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.06.2022 തീയതിയിൽ 2.00 PM ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5604 /- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

വർക്കിങ്ങ് ഗ്രൂപ്പ് മിനിട്സ് മോണിറ്ററിങ്ങ് കമ്മിറ്റിയായി പ്രവർത്തിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല. ആഭ്യന്തര നിയന്ത്രണം തൃപ്തികരമല്ല. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. {കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്)}

1-11 വസ്തു നികുതി-റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

റെസിഡൻഷ്യൽ(തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	2509203	2486894	25956	3078
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	2509203	2480169	25956	*3079
	(ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43)	(350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ)	*(3233 /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക

				എടുക്കുന്നു

1-12 വസ്തു നികുതി-നോൺ റെസിഡൻഷ്യൽ(തൻവർഷം)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ (തൻവർഷം)

	ഡിമാന്റ്	കളക്ഷൻ	മുൻകൂർ ക്രമീകരിച്ചത്	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	1066236	1009532	27699	34600
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	1066236	1003937	27699	*34600
	(ഇൻകം &എക്സിപെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	(350410104-Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ)	*36331 /105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-13 വസ്തു നികുതി- റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

റെസിഡൻഷ്യൽ-കുടിശ്ശിക

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	11541	11887	0
വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം	*3859	11541	**0
	*(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (4052/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	**(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)

1-14 വസ്തു നികുതി- നോൺ റെസിഡൻഷ്യൽ(കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

നോൺ-റെസിഡൻഷ്യൽ-കുടിശ്ശിക

	ഡിമാന്റ്	കളക്ഷൻ	ബാക്കി
"സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം	49650	7503	42149
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം	49503	7503	43346
	(2019-20 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(26172+25806=51978/105*100)	(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43)	**(45513/105X100)=43346ചെറിയ തുക വ്യത്യാസം, റൌണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു. (ബാലൻസ്ഷീറ്റ്

			ഷെഡ്യൂൾ ബി-15)

1-15 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)-വാർഷികകണക്കും രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

		ഡിമാന്റ്			കളക്ഷൻ			മുൻകൂർ ക്രമീകരിച്ചത്	ഡിമാന്റ് കുറവ് ചെയ്തത്	ബാക്കി		
		തൻ വർഷം	കുടി ശ്ശിക	ആകെ	തൻ വർഷം	കുടി ശ്ശിക	ആകെ			തൻ വർഷം	കുടി ശ്ശിക	ആകെ
"സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം	റെസി ഡൻഷ്യൽ	127852	598	128450	126615	605	127220	1400		155	0	157
	നോൺ-റെസി ഡൻ ഷ്യൽ	53796	3742	57538	50923	376	51299	1422		1731	3364	5096
	ആകെ			185988			178519	2822		5253		
വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം		188666			178738			2678	180736	5252		
		2678+185988 =(2019-20ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State Govt . Cess/levies ലെഡ്ജർ 2020-21)			(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്))				(431910101 -State Govt. Cess/ Levies ലെഡ്ജർ 2018-19)	(ബാലൻ സ്ഷീറ്റ് ഷെഡ്യൂൾ ബി-15)		

"സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:1-11, 1-12, 1-13, 1-14 എന്നി ഖണ്ഡികയിലെ പട്ടികകൾ).

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 178738രൂപയും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 178519 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 180736 രൂപയാണ്. (പട്ടിക കാണുക)

1-16 വസ്തുനികുതി-മുൻകൂർ- വാർഷികകണക്കും രജിസ്റ്ററിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2021 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്ര.ന	ശീർഷകം	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ	സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ
1	350410101-Advance Collection Of Revenues -Property Tax On Residential Building	482655	475034
2	350410101-Advance Collection Of Revenues	269809	303555

	-Property Tax On Non-Residential Building		

1-17 യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല

1/4/2020ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 20120-21 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2020-21 വർഷത്തിൽ പാറളം ഗ്രാമപഞ്ചായത്തിൽ 206 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2020-21 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100103-Property Tax On Non Residential Buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ ഡിമാന്റ് 1/04/2020ലും 19/06/2020 ലും രണ്ട് എൻട്രികൾ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൌച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-18 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് പ്രതിമാസം ഡിമാന്റ് എൻട്രി നടത്തുന്നില്ല

2020-21ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡികയിൽ ചേർത്തിട്ടുണ്ട്)

ക്ര.ന	വരവിനം	ഡിമാന്റ് ചേർക്കുന്ന ശീർഷകം	ഡിമാന്റ്	രേഖപ്പെടുത്തിയ തീയ്യതി	വൌച്ചർ
1.	കെട്ടിടങ്ങളിൽ നിന്നുള്ള വാടക	130100101-Rent From Building	7800	19/6/2020	42000044
2.	തൊഴിൽ നികുതി സ്ഥാപനങ്ങൾ/വ്യാപാരികൾ	110200101-professsion Tax -Institutions/ Traders	257990 15450	19/6/2020 19/6/2020	42000043 42000255

1-19 Prior Period Items- അനുബന്ധ രേഖകൾ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്(ഐ-18) പ്രകാരം "280000000-Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൌച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ I-18)	31/3/2021ലെ ലെഡ്ജർ ബാക്കി

280100101-Prior Period Income -Property Tax On Residential Buildings	(7687)
280100104-Prior Period Income-Property Tax On Non Residential Buildings	(152)
280100102-Prior Period Income-professionaltax/institutions/traders	(1700)

1-20 ജേണൽ ബുക്ക്- രേഖപ്പെടുത്തലുകൾക്ക് വൌച്ചർ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011, ചട്ടം 7) ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എന്ട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ, വർക് ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-21 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1777321 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5731187 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-22 കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

3 ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4 വാടക ഡിമാന്റ് രജിസ്റ്റർ

5 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

1-23 ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കി

31/3/2021 ലെ ബാലൻസ്ഷീറ്റ് പ്രകാരം 410800101-other Fixed Assets എന്ന ആസ്തികൾക്ക് 49000 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2021ലെ Accumalated Depreciation 169694/-രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2021-22 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

1-24 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്.

1-25 Capital Contribution-കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ശീർഷക പ്രകാരമുള്ള തുക 47342170 രൂപയാണ്, മുൻവർഷത്തേക്കാൾ (37701697) 9640473 രൂപ ഈ ഇനത്തിൽ കൂടുതലായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ തുകയുടെ കാൽക്കുലേഷൻ ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ തുകയുടെ കൃത്യത ഉറപ്പ് വരുത്തുവാൻ കഴിഞ്ഞിട്ടില്ല.

1-26 വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്നതിന് മുൻപ് ചെലവ് ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തുന്നു

താഴെ ചേർത്തിരിക്കുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് നിർവ്വഹണ ഏജൻസികൾക്ക് മുൻകൂർ തുക നൽകുമ്പോൾ " 460500204-Advance To Implementing Agencies" എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ഏജൻസിയിൽനിന്നും വിനിയോഗ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതാത് ചെലവ്, ആസ്തി ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതായി കാണുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു. ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്ര.ന	പ്രോജക്റ്റ്	വൌച്ചർ നമ്പർ	ഡെപ്പോസിറ്റ് തുക	ചെലവ് രേഖപ്പെടുത്തിയ ശീർഷകം	ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം
1	90/21-Post Shifting	22000656/ 05.11.2020	21257	251300401-Electrification -General	460500202-Advance To Implementing Agencies-KSEB
2	172/21-shifting Of Electric Posts	22001122/ 8.7.2020	11383	251630101-ELECTRICITY LINE XTENSION	460500202-Advance To Implementing Agencies-KSEB
3	245/21-pipe Line Extension From Parappakadavu Kinar Jn.to Panadaramkole	22001304/ 19.1.2021	200000	412010101-CAPITAL WORK IN PROGRESS	460500201-Advance To Implementing Agencies-KWA
4	243/21-pothottukulam Pipe Line Extensio	22001251/ 6.3.21 22001397/ 27.11.2020	220000 40000	410400103-DRINKING WATER -PIPE LINES	460500201-Advance To Implementing Agencies-KWA
5	246/21-sastha Road Pipe Line Extension Ward 11	22001250/ 6.3.21	550000		460500201-Advance To Implementing Agencies-KWA
6	173/21-street Line Extension Of Various Wards In Paralam Panchayath	22001352/ 20.11.2020 22001356/ 18.11.2020	57959 507427	410600102-electricity Line Extension 412010101-capital Work In Progress	460500202-Advance To Implementing Agencies-KSEB
7	240/21-TRANSFORMER SHIFTING-WARD 11	22001391/ 20-11-2020	116554	410800101-other Fixed Assets	460500202-Advance To Implementing Agencies-KSEB
8	223/21-koottalakunnu Drinking Water Project Filtering Unit	22001417/ 25.8.2020	118590	412010101-capital Work In Progress	460500201-Advance To Implementing Agencies-KWA

1-27 രസീതു പരിപാലനം- അപാകതകൾ

1. കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങൾ 2011 ചട്ടം 83, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(ബി) യിലെ കുറിപ്പ് 2 എന്നിവയനുസരിച്ച് രസീതുബുക്കുകളിൽ രസീത് കൗണ്ട് സർട്ടിഫൈ ചെയ്യേണ്ടതാണ്. എന്നാൽ പല രസീതു ബുക്കുകളിലും രസീത്കൗണ്ട് സർട്ടിഫൈ ചെയ്തുകാണുന്നില്ല. ഉദാ: 6158, 6153, 6160, 6151, 1149
എല്ലാ രസീതു ബുക്കുകളിലും രസീത് കൗണ്ട് സർട്ടിഫൈ ചെയ്യേണ്ടതാണ്.

2. ക്യാൻസൽ ചെയ്ത രശീതികളിൽ കാരണം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

അപ്രകാരം ചെയ്തിട്ടില്ല. ഉദാ-6150/54, 6151/92, 6153/2, 6155/60, 1147/2

ക്യാൻസൽ ചെയ്ത രശീതികളിലെല്ലാം തന്നെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

1-28 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 4 അനുസരിച്ച് ഗ്രാമ പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്ന സ്ഥാപനത്തിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ അമ്മാടം സർവ്വീസ് സഹകരണ ബാങ്ക്, ചേനം ക്ഷീര വ്യവസായ സംഘം എന്നീ സ്ഥാപനങ്ങളിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കേണ്ടതാണ്.

1-29 തൊഴിൽ നികുതി ഈടാക്കിയില്ല

1. തൊഴിൽ നികുതി രജിസ്റ്ററും ലൈസൻസ് അപേക്ഷയും പരിശോധിച്ചതിൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല .

ക്രമ നം	സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം
1.	പെർഫെക്ട് സൂപ്പർ മാർക്കറ്റ്	12
2.	നല്ല ഫുഡ് പ്രോഡക്ട്സ്	8
3.	വിതയത്തിൽ വർക്സ്	5
4.	പയങ്കൽ ഫുഡ്സ്	7
5	പ്രിൻസ് ഫർണിച്ചർ വുഡ് വർക്സ്	9
6	ലീല ഫർണിച്ചർ	5
7	ശിവ പ്രൊഡക്ഷൻസ്	5
8	ക്ഷീരധാര പാൽ വിതരണം	5
9	സൺ ജ്വല്ലേഴ്സ് ഇന്റർ നാഷണൽ	5

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14 തീയതി. 21.6.22) മറുപടി ലഭ്യമാക്കിയിട്ടില്ല.
കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204(1) അനുസരിച്ച് ഓരോ അർദ്ധവർഷവും ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതി അടവാക്കേണ്ടതാണ്. ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിട്ടില്ല.

ക്രമ നം	സ്ഥാപനം	അർദ്ധ വർഷ
1	ചേനം ക്ഷീരവ്യവസായ സംഘം	II
2	പള്ളിപ്പുറം ആലപ്പാട് കോൾ ഫാമിംഗ് സൊസൈറ്റി	I , II

മേൽ പറഞ്ഞ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.7/20.6.22)

1-30 വ്യാപാര ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് ഗണം മാറി നികുതി നിശ്ചയിച്ചിരിക്കുന്നു

2020-21 വർഷത്തേക്ക് ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ താഴെ പറയുന്ന വ്യാപാരാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഉപയോഗക്രമം വ്യത്യാസപ്പെട്ടിരിക്കുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വാർഡ് / കെട്ടിട നം	സ്ഥാപനം	സ്ഥാപന ഉടമ	സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വിവരം
4/288	താനു ഫുഡ് ഇൻഡസ്ട്രീസ്	സുബീഷ് പി എസ്	പാർപ്പിടം - 30 ച.മീ.
4/150	റോബിൻ ഓയിൽ മിൽ	ആന്റോ സി പി	പാർപ്പിടം - 16 ച.മീ
6/321	ഭാഗ്യ ലക്ഷ്മി ജ്വല്ലറി	സന്ധ്യ സുനിൽ കുമാർ	പാർപ്പിടം - 120.43 ച.മീ

ഇത്തരം അപാകതകൾ പരിഹരിക്കേണ്ടതും വാണിജ്യാവശ്യത്തിനുള്ള കെട്ടിങ്ങൾക്ക് ആയതനുസരിച്ചിട്ടുള്ള വസ്തുനികുതി ഈടാക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 17തീയതി. 21.6.22) മറുപടി ലഭ്യമാക്കിയില്ല.

1-31 കെട്ടിട നിർമാണ ചട്ടങ്ങൾ പാലിച്ചില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2011 ലെ ചട്ടം 103 പ്രകാരം 400 ച മീറ്ററിൽ കൂടുതൽ നിർമ്മിതി വിസ്തീർണ്ണമുള്ള ഏക കുടുംബ വാസ ഗൃഹ കെട്ടിടങ്ങളിൽ സൗരോർജ ജലതാപന സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ഇത്തരം കെട്ടിടങ്ങൾക്ക് ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനു മുൻപ് സൗരോർജ ജലതാപന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പു വരുത്തേണ്ടതാണ്. എന്നാൽ സനന്ദ് ശങ്കർദാസ് എന്നിവരുടെ ഉടമസ്ഥതയിലുള്ള വെങ്ങിണിശ്ശേരി വില്ലേജ് സർവ്വേ നം 156/9 ൽ നിർമ്മിച്ച 461.53ച.മീ (കെട്ടിട നം7/79A) വാസഗൃഹത്തിന് കംപ്ലീഷൻ പ്ലാൻ പ്രകാരം സൗരോർജ ജലതാപന സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 14 തീയതി. 21.6.22) മറുപടി ലഭ്യമാക്കിയില്ല. കെട്ടിട നിർമാണ ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-32 വസ്തു നികുതി തെറ്റായി നിർണ്ണയിച്ചു-വരുമാന നഷ്ടം

മാനേജിങ്ങ് ഡയറക്ടർ, പൂരം റസിഡൻസി ഹോട്ടൽ ഉടമസ്ഥതയിൽ ഉള്ള 3/598 നമ്പർ കെട്ടിടത്തിന് സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1556.61 ച.മീ. തറവിസ്തീർണമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനെ വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി അടിസ്ഥാന വസ്തുനികുതി നിരക്ക് ₹60/- വെച്ച് ഈടാക്കുന്നതിന് പകരം വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്ന ഉപയോഗക്രമത്തിലാണ് ഉൾപ്പെടുത്തി അടിസ്ഥാന വസ്തു നികുതി നിരക്ക് ₹50 ആയിട്ടാണ് കണക്കാക്കിയിരിക്കുന്നത് .

ആയതിനാൽ വസ്തു നികുതി പുനർനിർണയിച്ച് കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ : 17 തീയതി. 21.6.22) മറുപടി ലഭ്യമാക്കിയില്ല.

1-33 പഞ്ചായത്ത് പ്രദേശത്ത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2020-21 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, കള്ളുഷാപ്പുകൾ, ഓഡിറ്റോറിയങ്ങൾ ക്ഷീരസഹകരണ സംഘങ്ങൾ എന്നിവ ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല ടി സ്ഥാപനങ്ങളിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/ 21.6.22) മറുപടി ലഭ്യമാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും നിയമപ്രകാരം നോട്ടീസ് നൽകി ലൈസൻസോട് കൂടി പ്രവർത്തിക്കുന്നതിനും തൊഴിൽ നികുതി ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

1-34 പത്രപരസ്യ ചാർജ് നല്കിയത്- സർക്കാർ നിർദ്ദേശ പ്രകാരമുള്ള ഡിസ്കൗണ്ട് ലഭിച്ചില്ല

ജി.ഒ (ആർ.ടി) 01/2011ഐ & പി.ആർ.ഡി തീയതി 04.01.2011, ജി.ഒ (ആർ.ടി)288/2014/ഐ & പി.ആർ.ഡി തീയതി10.09.2014 എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൌണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപ്പഞ്ചായത്തിൽ നിന്നും 2020-21 വർഷത്തിൽ താഴെ കൊടുത്തിരിക്കുന്ന പ്രൊജക്ടുകളുടെ/ പ്രവൃത്തികളുടെ ഭാഗമായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ മേൽ പ്രകാരമുള്ള ഡിസ്കൌണ്ട് ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രൊജക്ടിന്റെ/ പ്രവൃത്തിയുടെ പേര്/ നമ്പർ	വൗച്ചർ നമ്പർ/തീയതി	നല്കിയ തുക	പത്ര സ്ഥാപനത്തിന്റെ പേര്/ഇൻവോയിസ് നമ്പർ/തീയതി
1	പദ്ധതി നിർവ്വഹണം, /മോണിറ്ററിംഗ് എസ്0170/21	22001222/ 19.03.2021	8820	ദേശാഭിമാനി ഇൻവോയിസ് നമ്പർ 2019/03/9474/07.03.2019- ₹5,292/-, 2019/03/93933/02.03.2019- ₹3,528/-
2	,,	22001085/ 29.03.2021	7728	ദേശാഭിമാനി ഇൻവോയിസ് നമ്പർ 2019/0570/26.06.2019

3	,,	22000516/ 22.09.2020	23184	ദേശാഭിമാനി ഇൻവോയിസ് നമ്പർ 2020/3177/19.02.2020-₹5,796/-, 2020/3466/15.03.2020-₹7,728/-, 2020/3109/14.02.2020-₹9,660/-
4	പദ്ധതി നിർവ്വഹണം, /മോണിറ്ററിംഗ് എസ്0001/21	22001079/ 08.03.2021	18900	ദേശാഭിമാനി ഇൻവോയിസ് നമ്പർ 20-21/2719/10.02.2021-₹6,300/-, 21-22/2445/20.01.2021-₹6,300/-, 21-22/2365/15.01.2021-₹6,300/-
5	,,	22000833/ 1.01.2021	25200	ദേശാഭിമാനി ഇൻവോയിസ് നമ്പർ 20-21/0789/24.07.2020-₹6,300/-, 20-21/1052/22.08.2020-₹6,300/-, 20-21/1401/24.09.2020-₹6,300/-, 20-21/1878/05.11.2020-₹6,300/-
6	കുടിവെള്ള വിതരണം- ടെണ്ടർ പരസ്യം നല്കിയത് (കണ്ടിൻജെന്റ് ചെലവ്)	22001050/ 18.03.2021	6300	ദേശാഭിമാനി ഇൻവോയിസ് നമ്പർ 20-21/2917/21.02.2021

മേൽസർക്കാർ നിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് നേടാതെ മാധ്യമ സ്ഥാപനം സമർപ്പിച്ച മുഴുവൻ ബിൽ തുകയും അനുവദിച്ചു നൽകിയതിന് കാരണം വിശദമാക്കുവാൻ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. (നമ്പർ01/തീയതി19.06.2022). 2022-23 വർഷത്തെ പത്രപരസ്യ തുക നല്കുമ്പോൾ മേൽ പ്രകാരം ലഭിക്കേണ്ടതായ ഡിസ്കൗണ്ട് തുക ദേശാഭിമാനിയിൽ നിന്നും ഈടാക്കിയ ശേഷം മാത്രമേ സ്ഥാപനത്തിന് തുക അനുവദിക്കു എന്നാണ് സെക്രട്ടറിയുടെ 22.06.2022 ലെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരം പഞ്ചായത്തിന് ലഭിക്കേണ്ടിയിരുന്ന ഡിസ്കൗണ്ട് തുക ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-35 ഡിമാന്റ് ഡ്രാഫ്റ്റ് ഫയലിൽ സൂക്ഷിച്ചിരിക്കുന്നു

ഫിക്സഡ് ഡെപ്പോസിറ്റ് പബ്ലിക്ക് അക്കൗണ്ടിനു കീഴിലുള്ള സിവിൽ ഡെപ്പോസിറ്റ് 8443-സിവിൽ ഡെപ്പോസിറ്റ്-00-103- സെക്യൂരിറ്റി ഡെപ്പോസിറ്റ് (റസീപ്റ്റ്സ്) എന്ന കണക്കിനത്തിൽ ട്രഷറി വഴി നിക്ഷേപിക്കുകയും തിരിച്ചുനൽകുന്ന സമയത്ത് പ്രസ്തുത കണക്കിനത്തിൽ തന്നെ തുല്യ തുക തിരിച്ചുനല്കുകയും ചെയ്യേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ് രശീതികളുടെ വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. എന്നാൽ ബിൻസൺ ജോസഫ് എന്ന കരാറുകാരനിൽ നിന്നും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഇനത്തിൽ ലഭിച്ച ഫിക്സഡ് ഡെപ്പോസിറ്റ് നം. JK587344 ഫയലിൽ സൂക്ഷിച്ചിരിക്കുന്നു. ആയത് ഒഴിവാക്കേണ്ടതും ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ:18/21.6.22)

1-36 തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ- വിതരണം ചെയ്തപ്പോൾ തന്നെ കേടായവ മാറ്റി വാങ്ങുകയോ നഷ്ടത്തുക ഈടാക്കുകയോ ചെയ്തിട്ടില്ല

ക്രമ നമ്പർ	പ്രൊജക്ട്	ചെലവ്
1	തെരുവ് വിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ നമ്പർ എസ് 0116/21	₹1,00,000/- (വികസന ഫണ്ട്-ജനറൽ) (വൗച്ചർനമ്പർ 22001256/തീയതി 04.03.2021) ₹15,422 (തനത് ഫണ്ട്) (വൗച്ചർനമ്പർ 22001036/തീയതി 15.03.2021) ആകെ- ₹1,15,422/-
2	ട്യൂബ്സെറ്റ് വാങ്ങൽ നമ്പർ എസ് 0162/21	₹3,99,420/- ധനകാര്യകമ്മീഷൻ അവാർഡ്) (വൗച്ചർനമ്പർ 22001101/തീയതി 12.05.2020) -

നിർവ്വഹണോദ്യോഗസ്ഥൻ : സെക്രട്ടറി

ചാലക്കുടി എ.ബി.സി മാർക്കറ്റിംഗ് എന്ന സ്ഥാപനത്തിന് തെരുവ് വിളക്കുകൾക്കുകൾക്കുള്ള വിവിധ ഉപകരണങ്ങൾ വിതരണം ചെയ്ത വകയിൽ മേൽ പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഇതിൽ ₹1,15,422/- ചെലവഴിച്ച വാങ്ങിയ ഉപകരണങ്ങളിൽ 200 എൽ.ഇ.ഡി ബൾബുകളും (ഇൻവോയിസ് നമ്പർ 203169/തീയതി 23.02.2021-തുക ₹39,549/-) ₹3,99,420/- ചെലവഴിച്ച വാങ്ങിയ ഉപകരണങ്ങളിൽ 25 ട്യൂബ് സെറ്റുകളും (ഇൻവോയിസ് നമ്പർ 192724/തീയതി 25.02.2020-തുക₹3,99,420/-) സപ്ലൈ ചെയ്തപ്പോൾ തന്നെ കേടായിരുന്നുവെന്ന് സെക്രട്ടറിയുടെ എ1-5000/2021 /തീയതി 23.10.2021 നമ്പർ കത്തിൽ ബന്ധപ്പെട്ട സ്ഥാപനത്തെ അറിയിച്ചു കാണുന്നു. ഇപ്രകാരമുള്ള ഇനങ്ങളുടെ ചെലവു തുക താഴെ പട്ടികയിൽ കാണിച്ചിരിക്കുന്നു.

ക്രമ നമ്പർ	ഇനം	എണ്ണം	നിരക്ക്	തുക(₹)
1	എൽ.ഇ.ഡി ബൾബ് (12 വാട്ട്)	200	113	22600
2	ട്യൂബ് സെറ്റ്	25	1260	31500
ആകെ				54100

വിതരണം ചെയ്യുന്ന ഉപകരണങ്ങളുടെ വാറണ്ടി കാലാവധി, കേടായവ എപ്രകാരമാണ് മാറ്റി നല്കുക എന്നിങ്ങനെയുള്ള പ്രധാന വ്യവസ്ഥകൾ ഉൾപ്പെടുത്തി സ്ഥാപനവുമായി സെക്രട്ടറി കരാറിൽ ഏർപ്പെട്ടിട്ടില്ല. ഉപകരണങ്ങൾ കേടാണെന്നുള്ള വിവരം സ്ഥാപനത്തെ അറിയിക്കുന്നതിൽ 6 മാസത്തോളം കാലതാമസവുമുണ്ടായിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് ഓഡിറ്റ് അന്വേഷണം നല്കിയിരുന്നു. (നമ്പർ 02 / തീയതി19.06.2022, നമ്പർ 22/ തീയതി 22.06.2022). 200 എൽ.ഇ.ഡി ബൾബുകൾ 16.11.2021 ന് ലഭിച്ചിട്ടുണ്ടെന്നും 25 ട്യൂബ് സെറ്റിന്റെ വിലയായ ₹31,500/- പലിശ സഹിതം അടവാക്കുന്നതിന് സ്ഥാപനത്തിന് കത്ത് നല്കിയിട്ടുണ്ടെന്നും ഈ തുക അടവാക്കുന്നത് അനുസരിച്ച് രശീതി ഹാജരാക്കുന്നതാണെന്നുമാണ് സെക്രട്ടറിയുടെ 22.06.2022 ലെ മറുപടിയിൽ അറിയിച്ചിട്ടുള്ളത്. എന്നാൽ 200 എൽ.ഇ.ഡി ബൾബുകൾ ലഭിച്ചിട്ടുള്ളത് സ്റ്റോക്കിലെടുത്തത് സംബന്ധിച്ച് ആധികാരിക രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

കേടായ ഉപകരണങ്ങൾ മാറ്റി ലഭിക്കാതെ വരികയോ നഷ്ടത്തുക ഈടാക്കാൻ കഴിയാതെ വരികയോ ചെയ്യുന്ന പക്ഷം കരാർ ചമക്കുന്നതിലും ഉപകരണങ്ങൾ കേടാണെന്നുള്ള വിവരം സ്ഥാപനത്തെ യഥാസമയം അറിയിക്കുന്നതിലും വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും നഷ്ടത്തുക ഈടാക്കേണ്ടതാണ്.

1-37 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- ധനവിനിയോഗം സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ട്	പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി എസ് 0011/21
ചെലവ്	3,12,500/- (വികസന ഫണ്ട്- ജനറൽ) (വൗച്ചർനമ്പർ 22001310/തീയതി 12.01.2021)
നിർവ്വഹണോദ്യോഗസ്ഥൻ	വെറ്ററിനറി സർജൻ

പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയുടെ നടത്തിപ്പിനായി 25 ഗുണഭോക്താക്കൾക്കുള്ള പഞ്ചായത്ത് വിഹിതമായി ₹3,12,500/- തൃശ്ശൂർ ജില്ലാ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറയ്ക്ക് ചെലവഴിച്ച തുകയുടെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 03/തീയതി19.06.2022)

1-38 നിക്ഷേപ പ്രവൃത്തികൾക്കായി തുക കൈമാറിയത്- പ്രവൃത്തി പൂർത്തീകരണം/ ധനവിനിയോഗം സംബന്ധിച്ചുള്ള സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ്

2020-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിററി ബോർഡ് ലിമിറ്റഡ്, കേരള വാട്ടർ അതോറിട്ടി എന്നീ സ്ഥാപനങ്ങളിലേക്ക് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി ചുവടെ കാണിച്ചിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രൊജക്ടിന്റെ /പ്രവൃത്തിയുടെ പേരും നമ്പരും	തുക കൈമാറിയത് ആർക്ക്	തുക, ഫണ്ടിനം	വൗച്ചർ നമ്പർ, തീയതി

1	പോത്തോട്ടക്കുളം പൈപ്പ് എക്സ്റ്റൻഷൻ (വാർഡ് 2) എസ് 0243/21	എക്സിക്കുട്ടീവ്എഞ്ചിനീയർ. കേരള വാട്ടർ അതോറിട്ടി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട	2,20,000	22001251/ 06.03.2021
			40,000 ആകെ- 2,60,000 (ധനകാര്യ കമ്മീഷൻ അവാർഡ്)	22001397/ 27.11.2020
2	വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ എസ് 0173/21	എക്സിക്കുട്ടീവ് എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽഡിവിഷൻ, ഇരിങ്ങാലക്കുട	57,959(ധനകാര്യ കമ്മീഷൻ അവാർഡ്)	22001352/ 20.11.2020
3	ശാസ്താറോഡ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എസ് 00246/21	എക്സിക്കുട്ടീവ്എഞ്ചിനീയർ, കേരള വാട്ടർഅതോറിട്ടി പി.എച്ച്ഡിവിഷൻ, ഇരിങ്ങാലക്കുട	5,00,000(ധനകാര്യ കമ്മീഷൻ അവാർഡ്)	22001250/ 06.03.2021
4	പാറക്കടവ് കിണർ ജംഗ്ഷൻ മുതൽ പണ്ടാരം കോൾ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ എസ് 00245/21	എക്സിക്കുട്ടീവ്എഞ്ചിനീയർ, കേരളവാട്ടർ അതോറിട്ടി പി.എച്ച്.ഡിവിഷൻ, ഇരിങ്ങാലക്കുട	2,00,000(ധനകാര്യ കമ്മീഷൻ അവാർഡ്)	22001304/ 19.01.2021
5	ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കൽ (വാർഡ് 11) എസ് 00240/21	അസി.എഞ്ചിനീയർ, കെ.എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, ചേർപ്പ്	1,16,554(ധനകാര്യ കമ്മീഷൻ അവാർഡ്)	22001391/ 20.11.2020
6	ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ എസ് 0090/21	അസി.എഞ്ചിനീയർ, കെ.എസ്.ഇ. ബി ഇലക്ട്രിക്കൽ സെക്ഷൻ, അമ്മാടം	21,257 (തനത് ഫണ്ട്)	22000656/ 05.11.2020
7	ഇലക്ട്രിക്കൽ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (കണ്ടിൻജെന്റ് ചെലവ്)	അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, അമ്മാടം	10,519 (തനത് ഫണ്ട്)	22000385/ 11.08.2020
	ആകെ		11,66,289	

മേൽ പ്രകാരം കൈമാറിയ തുകയുടെ ധനവിനിയോഗം /പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ചുള്ള സാക്ഷ്യപത്രങ്ങൾ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 04/ തീയതി 20.06.2022, 10/തീയതി21.06.2022)

1-39 നെൽകൃഷിയ്ക്ക് സബ്സിഡി നല്കൽ- ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2020-21 വർഷം നടപ്പിലാക്കിയ നെൽകൃഷിയ്ക്ക് സബ്സിഡി എന്ന പ്രൊജക്ടിനായി വികസനഫണ്ട്-പൊതു വിഭാഗം വിഹിതത്തിൽ നിന്നും ചെലവഴിച്ച ₹61,504/- യുടെ (വൗച്ചർ നമ്പർ 22000220/തീയതി 12.04.2020) ചെലവ് രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതു വരെ ₹61,504/- യുടെ ചെലവ് തടസ്സത്തിൽ വെയ്ക്കുന്നു.

1-40 അംഗനവാടി പോഷകാഹാര വിതരണം -പദ്ധതി നടത്തിപ്പിലെ അപാകത

പ്രോജക്ട് -65/21-അംഗനവാടി പോഷകാഹാര വിതരണം (എസ്.സി)

ചെലവ് -7,62,751/-

1.ട്രഷറി ബിൽ നം.16/24.8.20, 6336/-

മേൽ ബിൽ പ്രകാരം ഇൻഡോ ഫുഡ് ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന് സപ്ലൈകോയിൽ നിന്നുള്ള 3168 കിലോ ഭക്ഷ്യവസ്തുക്കൾ 23 അംഗനവാടികളിൽ എത്തിച്ചതിന്റെ കടത്ത് കൂലി നൽകിയിട്ടുണ്ട്. ഏത് ബിൽ പ്രകാരമുള്ള സാധനങ്ങൾ വിതരണം നടത്തി എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല.

2.ട്രഷറി ബിൽ നം.23/23.10.20, 28532/-

മേൽ ബിൽ പ്രകാരം ജിംസൺ.വി.മാത്യു എന്നയാൾക്ക് സപ്ലൈകോയിൽ നിന്നുള്ള ഭക്ഷ്യവസ്തുക്കൾ 23 അംഗനവാടികളിൽ എത്തിച്ചതിന് കടത്ത് കൂലി ഇനത്തിൽ തുക നൽകിയിട്ടുണ്ട്. ഇതിൽ 22/4/20 ലും,24/8/20 ലും യഥാക്രമം 475, 400കിലോ അരി കേന്ദ്രവിഹിതമായി മാവേലിസ്റ്റോറിൽ നിന്നും ലഭിച്ചത് വിതരണം നടത്തിയതിന് 2187/-രൂപ നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ അരി സ്റ്റോക്കിലെടുത്ത് വിതരണം നടത്തികാണുന്നില്ല. മാവേലിസ്റ്റോറിൽ നിന്നും അരി ലഭിച്ചതിന്റെ

ബില്ലും ലഭ്യമാക്കിയിട്ടില്ല.

3. ട്രഷറി ബിൽ നം. 25/21.12.20,15059/-

ജിംസൺ.വി.മാത്യു എന്നയാൾക്ക് സപ്ലൈകോയിൽ നിന്നുള്ള 1000 കിലോ അരി കേന്ദ്രവിഹിതമായി മാവേലിസ്റ്റോറിൽ നിന്നും ലഭിച്ചത് വിതരണം നടത്തിയതിന് 2512/-രൂപ നൽകിയിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ഈ അരി സ്റ്റോക്കിലെടുത്ത് വിതരണം നടത്തികാണുന്നില്ല. മാവേലിസ്റ്റോറിൽ നിന്നും അരിലഭിച്ചതിന്റെ ബില്ലും ലഭ്യമാക്കിയിട്ടില്ല. മേൽ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുംവരെ 6336+2187+2152=10,675/- രൂപ തടസ്സത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് എൻക്വയറി 5/20.6.22 പ്രകാരം വിശദാംശങ്ങൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ലഭ്യമാക്കിയില്ല.

1-41 തെരുവ് വിളക്ക് വൈദ്യുതി ബിൽ അടവാക്കൽ മീറ്ററിങ്ങ് സമ്പ്രദായത്തിലേക്ക് മാറിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്പെട്ട ചേനം പ്രദേശത്തെ കൺസ്യൂമർ നമ്പർ 16998 ൽ പെട്ട തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് അൺമീറ്റേഡ് നിരക്കിൽ അടവാക്കിവരുന്നു. (പ്രതിമാസം 9497/-) തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12/03/2013 ലെ സർക്കുലർ നമ്പർ 65529/ഡി.സി3/3/2012 പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും വൈദ്യുതി ചാർജ്ജ് അടവാക്കൽ മീറ്ററിങ്ങ് സമ്പ്രദായത്തിലേക്ക് നടപടികൾ സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഇതിൻ പ്രകാരം നടപടികൾ സ്വീകരിച്ചിരുന്നോ എന്നറിയിക്കാനും മീറ്ററിങ്ങ് സമ്പ്രദായത്തിലേക്ക് നാളിതുവരെ മാറാതിരുന്നതിന്റെ കാരണം അറിയിക്കുവാനും ഓഡിറ്റ് എൻക്വയറി (21/22.06.2022) നൽകിയിരുന്നു. ആയതിനുള്ള മറുപടിയിൽ പഞ്ചായത്ത്കമ്മറ്റിയുടെ അനുമതിയോടെ കെ.എസ്.ഇ.ബി യ്ക്കു നടപടികൾ സ്വീകരിക്കുന്നതിന് കത്ത് നൽകുന്നതാണെന്ന് അറിയിച്ചിട്ടുള്ളത്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-42 വിവിധ പ്രൊജക്ടുകളുടെ ഭാഗമായി പഞ്ചായത്ത് വിഹിതം നല്കിയത്- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്

2020-21 വർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകളുടെ ഭാഗമായി ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, കുടുംബശ്രീ ജില്ലാ മിഷൻ എന്നീ സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് വിഹിതമായി ചുവടെ കാണിച്ചിരിക്കുന്ന പ്രകാരം തുക കൈമാറിയിട്ടുണ്ട്.

ക്രമ നമ്പർ	പ്രൊജക്ടിന്റെ പേരും നമ്പരും	തുക കൈമാറിയത് ആർക്ക്	തുക, ഫണ്ടിനം	വൗച്ചർ നമ്പർ, തീയതി
1	എ.ബി.സി. പ്രോഗ്രാം എസ് 0005/21	കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ, തൃശ്ശൂർ	56,500 (വികസന ഫണ്ട്- ജനറൽ)	2201426/ 08.10.2020
2	കാൻ- കാൻസർ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള വിഹിതം എസ് 0004/21	സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ	80,000 (വികസന ഫണ്ട്- ജനറൽ)	22001378/ 28.11.2020
3	ബഡ്സ് സ്കൂൾ അധ്യാപകർക്ക് ഹോണറേറിയം	സെക്രട്ടറി, ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് തൃശ്ശൂർ	1,24,000	22001266/ 26.02.2021
			57,000	22001265/ 26.02.2021
			19,000 ആകെ- 2,00,000 (വികസന ഫണ്ട്- ജനറൽ)	22001384/ 15.03.2021
ആകെ			3,36,500	

മേൽ പ്രകാരം കൈമാറിയ തുകയുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ 04/ തീയതി 20.06.2022, 10/തീയതി 21.06.2022).

1-43 മെഡിക്കൽ ഓഫീസർ, എഫ് .എച്ച്.സി.നടപ്പിലാക്കിയ വിവിധ പദ്ധതികൾ -മരുന്നുകൾ

മുഴുവനായും ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ കേരള മെഡിക്കൽ സർവീസ് കോർപ്പറേഷൻ ലിമിറ്റഡിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ മരുന്നുകൾ മുഴുവനായും ലഭ്യമായില്ല.

വിശദാംശംങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നമ്പർ	പ്രോജക്ടിന്റെ പേര്	ട്രഷറി ബിൽ നമ്പർ	തുക	മരുന്നുകൾ ലഭ്യമായത്	മരുന്നുകൾ ലഭ്യമാക്കേണ്ടത്
254/21	സാന്ത്വന സ്പർശം വൃക്ക രോഗികൾക്കുള്ള ജീവൻ രക്ഷാ മരുന്ന് വാങ്ങൽ	34/20-21 /5.1.21	300000	212076	87924
253/21	ക്യാൻസർ രോഗികൾക്കുള്ള ജീവൻ രക്ഷാ മരുന്ന് വാങ്ങൽ	35/20-21 /17.2.21	100000	58551	41449
35/21	പെയിൻ പാലിയേറ്റീവ് കെയർ	31/20-21 /15.1.21	150000	139226	10774
35/21	"	42/13.3.21	120000	99117	20883
		ആകെ	6,70,000	5,08,970	161030

മരുന്നുകൾ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിനുള്ള (ഓഡിറ്റ് അന്വേഷണം നമ്പർ:18/21.6.22) മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

1-44 തുല്യതാ പരീക്ഷ -പരീക്ഷയെഴുതിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ-ഹെഡ്മിസ്ട്രസ്, ജി.എൽ.പി.സ്കൂൾ, അമ്മാടം
ചെക്ക് നം.175194/24.03.2021 തുക:27,950/-
എ) 11 -ാം തരം തുല്യതാ പരീക്ഷയുടെ പരീക്ഷഫീസിനത്തിൽ 6 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസിനത്തിൽ 2500/-രൂപ വീതം 15,000/രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷന് അടവാക്കിയിട്ടുണ്ട്. എന്നാൽ പരീക്ഷയെഴുതിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
ബി) 10 -ാം തരം തുല്യതാ പരീക്ഷയുടെ പരീക്ഷഫീസിനത്തിൽ 7 വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസിനത്തിൽ 1850/-രൂപ വീതം 12,950/രൂപ കേരള സ്റ്റേറ്റ് ലിറ്ററസി മിഷന് അടവാക്കിയിട്ടുണ്ട്. എന്നാൽ പരീക്ഷയെഴുതിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
പരീക്ഷയെഴുതിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-45 നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ്

ആയുർവ്വേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പദ്ധതികൾ പ്രകാരം ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങിയിട്ടുണ്ട്. എന്നാൽ ആയതിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്റ്റിന്റെ പേര്/നം.	ബിൽ നം. തി	തുക
1	51/21	02/06.11.20	300000/-
2	249/21	03/06.11.20	50000/-
3	50/21	01/06.11.20	750000/-

മേൽ പ്രോജക്റ്റുകൾ പ്രകാരം മരുന്ന് വാങ്ങി ആശുപത്രി മുഖേന വിതരണം നടത്തിയിട്ടുണ്ടെങ്കിലും ആയതിന്റെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-46 എൻ.ആർ.ഇ.ജി.എസ് -ക്വാറിമക്ക് അധിക നിരക്ക് നല്കി

ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പണികളിൽ ക്വാറിമക്ക് വിരിക്കുന്ന ഇനത്തിന് (ഡാറ്റാ ഇനം 51.2.3) നിരക്ക് 891.95/m3 ആണ്. എൻ.ആർ.ഇ.ജി.എസ് പ്രകാരം ഈ ഇനത്തിന്റെ നിരക്ക് 1263.34/M³ എന്നതാണ് . 2016 ലെ തന്നെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള നിരക്ക് അനുസരിച്ചാണ് അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നത്. ഇതേ നിർവഹണോദ്യോഗസ്ഥൻ കൺവീനർ ആയുള്ള ടെക്നിക്കൽ കമ്മിറ്റിയാണ് എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത്. ഒരേവർഷം നടത്തുന്ന പ്രവൃത്തികൾക്ക് ഇപ്രകാരം ഗണ്യമായ വ്യത്യസ്ത നിരക്കുകൾ നൽകുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ പഠനം നടത്തി ഉചിതമായ തീരുമാനമെടുക്കുന്നത് ശ്രദ്ധേയമായ കാര്യമായിരിക്കും. സാമ്പത്തികവർഷം മേൽ പദ്ധതിയുടെ ഭാഗമായി മുള്ളക്കര സെറ്റിൽമെന്റ് കോളനി നടപ്പാത എന്ന പ്രവൃത്തി ചെയ്യുന്നതിന്റെ ഭാഗമായി മേൽപറഞ്ഞ ഇനം പ്രവൃത്തി നടത്തിയിട്ടുള്ളത്. ആയതു പ്രകാരം 26.50 M3 ക്വാറി മക്ക് വിരിക്കുന്നതിന്1263/M³ പ്രകാരം ₹33479/- ചെലവഴിച്ചിട്ടുണ്ട്.

(ഓഡിറ്റ് എൻക്വയറി നം.24/22.06.2022)

1-47 മരാമത്ത് പ്രവൃത്തികൾ വൈകി പൂർത്തീകരിച്ചതിന് പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് മാന്വൽ 2012 ലെ പുതുക്കിയ എഡിഷൻ സെക്ഷൻ 2112 പ്രകാരം ഒരു പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ആകെ അനുവദിച്ച സമയത്തിന്റെ 50% മാത്രമാണ് പരമാവധി നീട്ടി നൽകാവുന്നത്. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതാണ്.

ആദ്യതവണ കരാർ കാലയളവിന്റെ 25% സമയം PACയുടെ 1% പിഴ ഈടാക്കി നീട്ടി നൽകാവുന്നതാണ്. രണ്ടാമത് കരാർ കാലയളവിന്റെ 25% അനുവദിക്കുമ്പോൾ PACയുടെ 2% പിഴ ഈടാക്കേണ്ടതാണ്. എന്നാൽ കരാറിലെ വ്യവസ്ഥ മേൽ പ്രകാരം പുതുക്കിയിട്ടില്ല. മേൽ പ്രകാരം പുതുക്കിയ വ്യവസ്ഥ കരാറിൽ ഉൾപ്പെടുത്തിയിട്ടില്ല, പുതുക്കിയ വ്യവസ്ഥകൾ കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്. കരാറിലെ വ്യവസ്ഥ 7 പ്രകാരമുള്ള പിഴയും ഈടാക്കിയതായി കാണുന്നില്ല. അസി.എഞ്ചിനീയർ 2020-21 വർഷത്തിൽ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി നീട്ടി നൽകിയപ്പോൾ പിഴ ഈടാക്കിയിട്ടില്ല.

ക്രമ നം.	പ്രവൃത്തിയുടെ വിവരം	എഗ്രിമെന്റ് തീയതി	പൂർത്തീകരിക്കേണ്ട തിയതി	പൂർത്തീകരിച്ച തിയതി	ഈടാക്കേണ്ട പിഴ
1	പ്രോജക്ട് നമ്പർ -133/21 – T.S No.89154/18-19 തി.29.09.2019 പൊട്ടക്കുളം റോഡ് പുനർനിർമ്മാണം അടങ്കൽ - 1000000/- കരാർ കാലാവധി- 6 മാസം കരാർ തുക – 999074/- കരാറുകാരൻ – സുബ്രഹ്മണ്യൻ.എം.എൻ. അളവു പുസ്തകം- 463/19-20,452/19-20 ട്രഷറി ബിൽ നമ്പർ 03/21.04.2020-468925/- ബിൽനം.05/21.04.20 489743/- ചെക്ക് നം. തി.-105276/31.03.20-12240/- ചെലവ് തുക – 993010/- (സാങ്കേതിക അനുമതി പ്രകാരം 6മാസം	എഗ്രിമെന്റ് നം. 52/AE/LSGD /KLM/2018-19 Dt.12.02.2019	11.07.2019	23.03.20	29972/-(999074*3%)
2	പ്രോജക്ട് നമ്പർ -166/21 – ചോരൻകുളം കൂട്ടാല ഡ്രെയിൻ അടങ്കൽ - 1010000/- കരാർ തുക – 811280.12/- കരാറുകാരൻ - വി.എസ്. ജയപ്രകാശൻ അളവു പുസ്തകം-118/20-21, 468/19-20 ട്രഷറി ബിൽ നമ്പർ 16/15.05.20- 51544/- 53/22.12.20- 511067/- 54/31.12.20- 282905/- ചെലവ് തുക – 845516/- (സാങ്കേതിക അനുമതി പ്രകാരം 6മാസം)	എഗ്രിമെന്റ് നം. 09/AE/LSGD /KLM/2019-20 Dt.01.10.2019	31.03.20	23.12.20	40564/- (811280*3%)
	ആകെ				70,536/-

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് എൻക്വയറി (11/21.06.2022) നൽകിയതിന് മറുപടി

ലഭ്യമാക്കിയിട്ടുണ്ട്. ടാറിംഗ് പ്രവൃത്തി സീസണലായി ചെയ്യേണ്ടി വന്നത് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്.

1-48 എരുമക്കുഴി റോഡ് നിർമ്മാണം-പിഴ ഈടാക്കിയിട്ടില്ല

പ്രോജ്ക്ട് നം.197/21
കരാറുകാരൻ-അനീഷ്.കെ.പി.

എം.ബുക്ക് നം. 479/19-20

ബിൽ നം. തി. തുക -32/23.07.20-216862/-

57/24.01.21-176852

Ts No.13504/19-20/10.07.19 -520000/-

കാലാവധി -6മാസം(As Per TS)

കരാർ തുക-459051/-

എഗ്രിമെന്റ് -07/AE/LSGD/PRM/19-20/01.10.19

മേൽ പ്രവൃത്തി 31.03.20 ന് പണി പൂർത്തീകരിക്കേണ്ടതായിരുന്നു. കരാറിലെ വ്യവസ്ഥ 7 പ്രകാരം പിഴയില്ലാതെ അഞ്ചിൽ ഒന്ന് സമയം നീട്ടി നൽകാവുന്നതാണ്.

01.04.20-15.05.20 -Nil

16.05.20-15.08.20-1%-459051*1%=4590

16.08.20-15.11.20-459051*2%=9180/-

16.11.20-

പണി പൂർത്തീകരിച്ചത് -04.01.21

ആകെ ഈടാക്കേണ്ട പിഴ – 13770/-

മുകളിൽ പറഞ്ഞ പ്രകാരം പിഴ ഈടാക്കാതിരുന്നതിന്റെ കാരണം ആവശ്യപ്പെട്ട് എൻക്വയറി (20/21.06.2022) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ടാറിംഗ് പ്രവൃത്തി സീസണലായി ചെയ്യേണ്ടി വന്നത് മൂലമാണ് പ്രവൃത്തി വൈകിയതെന്ന് അറിയിച്ചിട്ടുണ്ട്.

1-49 നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല - എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു

പ്രോജക്റ്റ് നം.145/21

ബിൽ നം. തി. തുക -27/09.07.20-105184/-

എം.ബുക്ക് നം.465/19-20

അമ്മാടം പാരിസ് ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരണം എന്ന പ്രവൃത്തിയുടെ ടെന്റർ അംഗീകരിച്ച് കത്ത് നൽകിയിട്ടുള്ളത് 13.11.19 ലെ 19(1) നമ്പർ തീരുമാനപ്രകാരമാണ്. എന്നാൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത് 09.01.20 നാണ്. നിശ്ചിത സമയത്ത് എഗ്രിമെന്റ് വെച്ചിട്ടില്ല എന്നു കാണുന്നു. ഈ സാഹചര്യത്തിൽ 2012 ലെ പി.ഡബ്ല്യു.ഡി മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി (2009.5) (2009.6) എഗ്രിമെന്റിലേർപ്പെട്ടത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ ഈടാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് പി.എ.സിയുടെ 1% തുകയായ 1257/-രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്.
19/21.06.22 പ്രകാരം എൻക്വയറി നൽകിയതിന്, 12.12.2019നാണ് കമ്മറ്റി തീരുമാനമെടുത്തതെന്നും, ഫയലിൽ രേഖപ്പെടുത്തിയ 13.11.19 എന്നത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1-50 ഹാഷ്മി നഗർ കോളനി കുടിവെള്ള പദ്ധതി-വൈകി പൂർത്തീകരിച്ചതിന് പിഴ കുറവ് ഈടാക്കി

പ്രോജക്ട് നമ്പർ -132/21

അടങ്കൽ - 315000/-

കരാർ തുക – 271089/-

കരാറുകാരൻ – പൗലോസ്.കെ.വി.

പണി പൂർത്തീകരിച്ച തിയ്യതി-28.01.20

പൂർത്തീകരിക്കേണ്ട തിയ്യതി-30.04.19

എഗ്രിമെന്റ് തിയ്യതി-46/AE/LSGD/PRM/2018-19 Dt.31.10.2018

ആകെ പ്രവൃത്തിമൂല്യം -271067/

ഈടാക്കേണ്ട പിഴ- 271089*3%=8133

ഈടാക്കിയ പിഴ- 1756

മേൽ പ്രവൃത്തി പൂർത്തീകരിക്കാൻ വൈകിയതിന് പിഴ ഈടാക്കിയിട്ടുണ്ടെങ്കിലും ആയത് കുറവായാണ് ഈടാക്കിയിട്ടുള്ളത്. ബാക്കി ഈടാക്കാനുള്ള പിഴ 6377/- (8133-1756) രൂപ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്. 12/21.06.22 പ്രകാരം എൻക്വയറി നൽകിയതിന്,ബാക്കി തുക ഈടാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

1-49 നിശ്ചിത സമയത്തിനകത്ത് എഗ്രിമെന്റ് വച്ചിട്ടില്ല - എസ്റ്റിമേറ്റ് പി.എ.സി യുടെ 1% തുക പിഴയായി ഈടാക്കാതെ എഗ്രിമെന്റ് ഒപ്പിട്ടു

പ്രോജക്റ്റ് നം.145/21

ബിൽ നം. തി. തുക -27/09.07.20-105184/-

എം.ബുക്ക് നം.465/19-20

അമ്മാടം പാരിസ് ലിഫ്റ്റ് ഇറിഗേഷൻ വിപുലീകരണം എന്ന പ്രവൃത്തിയുടെ ടെന്റർ അംഗീകരിച്ച് കത്ത് നൽകിയിട്ടുള്ളത് 13.11.19 ലെ 19(1) നമ്പർ തീരുമാനപ്രകാരമാണ്. എന്നാൽ എഗ്രിമെന്റിൽ ഏർപ്പെട്ടിട്ടുള്ളത് 09.01.20 നാണ്. നിശ്ചിത സമയത്ത് എഗ്രിമെന്റ് വെച്ചിട്ടില്ല എന്നു കാണുന്നു. ഈ സാഹചര്യത്തിൽ 2012 ലെ പി.ഡബ്ല്യു.ഡി മാനുവലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി (2009.5) (2009.6) എഗ്രിമെന്റിലേർപ്പെട്ടത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. നിയമാനുസൃത നടപടികൾ സ്വീകരിച്ചിരുന്നു എങ്കിൽ ഈടാക്കേണ്ടിയിരുന്ന എസ്റ്റിമേറ്റ് പി.എ.സിയുടെ 1% തുകയായ 1257/-രൂപ ഉത്തരവാദികളിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. 19/21.06.22 പ്രകാരം എൻക്വയറി നൽകിയതിന്, 12-12-2019നാണ് കമ്മറ്റി തീരുമാനമെടുത്തതെന്നും, ഫയലിൽ രേഖപ്പെടുത്തിയ 13.11.19 എന്നത് തെറ്റായി രേഖപ്പെടുത്തിയതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രൊജക്ടിന്റെ പേര്	ചെലവ്
ബ്ലോക്ക് പഞ്ചായത്ത്	20-21	200000	പഠനോപകരണസഹായം പ്രത്മാസ സ്കോളർഷിപ്പ് ബത്ത നൽകൽ-ഉല്ലാസയാത്ര-169/21	200000
		886798	നെൽകൃഷി കൂലിചെലവ് സബ്സിഡി	886798
		420110	നെൽവിത്തിന് സബ്സിഡി	420110
		22000	ലൈഫ് ഭവന നിർമ്മാണം-ജനറൽ-26/21	22000
		37500	ആശ്രയ വീട് വാസയോഗ്യമാക്കൽ-32/21	37500
		37500	ആശ്രയ വീട് വാസയോഗ്യമാക്കൽ-176/21	37500
		400000	അംഗനവാടി പോഷകാഹാരം 65/21	400000
ബ്ലോക്ക് പഞ്ചായത്ത്	20-21	300000	ലൈഫ് ഭവന നിർമ്മാണം-എസ്.സി-25/21	300000
ബ്ലോക്ക് പഞ്ചായത്ത്	20-21	656787	ലൈഫ് ഭവന നിർമ്മാണം-183/21	656787
	2020-21	954184	പൂക്കോട്ടു പറമ്പ് റോഡ് പുനരുദ്ധാരണം	300000

			വാർഡ് 7	
		557340	പെയിൻ ആന്റ് പാലിയേറ്റീവ് കെയർ	656787
		76880	ലൈഫ് ഭവന നിർമാണം സ്ഥലവും വീടും	656787
		270000	രാമ വൈദ്യർ ബ്രാഞ്ച് റോഡ് പുനരുദ്ധാരണം വാർഡ് 1	443404
ജില്ലാ പഞ്ചായത്ത്		740000	നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി	200000
		660000	ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി	100000
		3200000	ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് (ജനറൽ)	225800

4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

നിർവ്വഹണ ഏജൻസി	പ്രവർത്തിയുടെ പേര്	വൗച്ചർ നം. / ചെക്ക് നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള തുക
കെ.എസ്.ഇ.ബി.	172/21 ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	220001122 /03.07.20	11383	11383	0
	136/21 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ	22001356/01.11.20 -507427 22001352/20.11.20-57959	565385	565385	0
	240/21 ട്രാൻസ്ഫർ മാറ്റി സ്ഥാപിക്കൽ അടവാക്കൽ	22001391/20.11.20	116554	116554	0
കേരള വാട്ടർ അതോരിറ്റി	പോത്താട്ടുകളം പൈപ്പ് എക്സ്റ്റൻഷൻ	22001304/19.01.21	200000	200000	0
	പാർക്കടവ് കിണർ ജംഗ്ഷൻ മുതൽ പണ്ടാരം കോൾ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	22001304/19.01.21	200000	200000	0
	ശാസ്താം റോഡ് പൈപ്പ് ലൈൻഎക്സ്റ്റൻഷൻ	22001250/06.03.21	550000	550000	0

4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ഉദ്ദേശ്യം	ഉത്തരവ് നം./തിയതി	വായ്പാ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന നിർമ്മാണം HUDCO	ലഭ്യമല്ല	805000	5974706	482706	0	6297000

4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല.

4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

4-8 ചാർജ്ജ്/സർച്ചാർജ്ജ് നടപടികളുടെ വിവരം

ലഭ്യമല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്തവിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	75313282.00
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	73535961.70
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	72179

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക.

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-39	61504	ശ്രീ.അഭിജിത്ത്കുമാർ, കൃഷി ഓഫീസർ
1-40	10675	ശ്രീമതി.നിത.കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ
	72179	

(സി)കേന്ദ്ര -സംസ്ഥാനസർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഇല്ല.

(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

ഖണ്ഡിക നമ്പർ	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും	സ്ഥിരം മേൽവിലാസം
1-39	ശ്രീ.അഭിജിത്ത്കുമാർ, കൃഷി ഓഫീസർ	ശാന്തിഭവൻ അമൃതകുളം, മുണ്ടക്കൽ ഈസ്റ്റ്, കൊല്ലം, പിൻ-691001
1-40	ശ്രീമതി.നിത.കെ, ഐ.സി.ഡി.എസ്.സൂപ്പർവൈസർ	കുന്നത്ത് ഹൗസ്, പെരിങ്ങാവ് പാണ്ടിക്കാവ്, തൃശ്ശൂർ

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ ഓഫീസിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം
1975-76	എൽഎഫ് ടി13/460/98/8.5.98
76-77	
77-78	
78-79	എൽഎഫ് ടി8/720/91/6.9.98
79-80	എൽഎഫ് ടി13-46/98/6.9.98
80-81	

81-82	
82-83	
83-84	
84-85	
85-86	
86-87	
87-88	എൽഎഫ് ടി13-2317/91/30.3.92
91-92	എൽഎഫ് ടി13-473/93/27.9.94
92-93&93-94	എൽഎഫ് ടി13-192/95/8.6.96
94-95,95-96	എൽഎഫ് ടി13-133/98/15.5.98
96-97	എൽഎഫ് ടി15-1150/98/10.3.99
97-98	എൽഎഫ് ടി15-1151/98/8.11.2001
98-99	എൽഎഫ് ടി15-169/01/6.8.2001
99-2000	എൽഎഫ് ടി15-677/04/9.11.2004
2000-01,01-02	എൽഎഫ് ടി15-1093/03/16.7.2003
02-03	എൽഎഫ് ടി15-1844/05/21.7.2006
03-04	എൽഎഫ് ടി15-1845/05/21.7.2006
04-05	എൽഎഫ് ടി15-2117/06/22.1.2007
05-06	എൽഎഫ് ടി15-490/10/26.7.2010
06-07	എൽഎഫ് ടി15-491/10/4.8.2010
07-08	എൽഎഫ് ടിപി-9-1850/10/19.3.2011
08-09	
09-10-	എൽഎഫ് ടിപി-2-1869/12/9.5.2013
10-11	
11-12	എൽഎഫ് ടിപി-2/167/13/26.4.2013/1.10.2013
12-13	എൽഎഫ് ടിപി.4/1939/2013
13-14	എൽഎഫ് ടിപി-2-1915/14, തീ.21.3.2015
14-15	കെ.എസ്.എ.ടി.എസ്.ആർ (പി2)702/16 തീ.24.5.16
15-16	കെ.എസ്.എ.ടി.എസ്.ആർ (പി2)2149/16 തീ.04.1.17
16-17	കെ.എസ്.എ.ടി.എസ്.ആർ (പി2)1193/2017, തീ.7.08.17
17-18	കെ.എസ്.എ.ടി.എസ്.ആർ (പി2)851/2019 തീ.15.06.2019
18-19	കെ.എസ്.എ.ടി.എസ്.ആർ (പി2)294/2020 തീ.05.05.20
19-20	കെ.എസ്.എ.ടി.എസ്.ആർ (പി11)637/2021 തീ.11.05.21

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തൃശ്ശൂർ ജില്ലയിലെ പാറളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്